"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ5/29744/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
വികാസ് ഭവൻ
തിരുവനന്തപുരം -33
Thiruvananthapuram
30.11.2017

**സർക്കുലർ**

വിഷയം:- എല്ലാത്തരം ജാതി സർട്ടിഫിക്കറ്റുകളുടെയും കാലാവധി പുതുക്കി നിശ്ചയിച്ചത് സംബന്ധിച്ച്

സൂചന :- 4.8.2017 ലെ സ .ഉ (കൈ ).നം .264/2017/ആർ.ഡി നമ്പരായ സർക്കാർ ഉത്തരവ്

എല്ലാത്തരം ജാതി സർട്ടിഫിക്കറ്റുകളുടെയും കാലാവധി 3 വർഷമായി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എല്ലാ സ്ഥാപന മേധാവികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അറിവിലേക്കായി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു .

പി.കെ മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിങ്

സ്വീകർത്താവ്

എല്ലാ സ്ഥാപന മേധാവികൾക്കും
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

**കേരള സർക്കാർ**

**സംഗ്രഹം**

13 OCT 2017

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് സാധുതാകാലയളവ് പ്രത്യേകാവശ്യത്തിന് എന്നത് പുനഃനിശ്ചയിച്ച് നിശ്ചയിച്ചുത്തരവായതത് - ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു. ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് 3 വർഷം എന്ന്

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ(കൈ).നം. 264/2017/ആർ.ഡി. തീയതി, തിരുവനന്തപുരം, 04.08.2017

പരാമർശം: 1) സർക്കാർ ഉത്തരവ് (കൈ)നമ്പർ 136/2007/ആർ.ഡി. തീയതി 27/04/2007.
2) സർക്കാർ ഉത്തരവ് (കൈ)നമ്പർ 351/2007/ആർ.ഡി. തീയതി 01/10/2007.
3) സർക്കാർ ഉത്തരവ് (കൈ)നമ്പർ 318/2008/റവന്യൂ തീയതി 23/09/2008.

A

9
13/x/17

## ഉത്തരവ്

വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ.ഓഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ ഒരു പ്രാവശ്യം ഒരാവശ്യത്തിന് മാത്രമേ ഉപയോഗിക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. പൊതുജനങ്ങൾക്ക് ഇതുമൂലം പലപ്രാവശ്യം വില്ലേജ്/താലൂക്ക് ഓഫീസുകളുമായി ബന്ധപ്പെടേണ്ടിവന്നിരുന്നു. ഇത്, ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെത്തുടർന്ന് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം വില്ലേജ്, താലൂക്ക്, ആർ.ഡി.ഒ. ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ചും ഉത്തരവാകുകയുണ്ടായി. ടി സർക്കാർ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പഷ്ടീകരണങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ച് പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതി വിധി മൂലം മറിച്ച് തീരുമാനം ഇല്ലാത്തപക്ഷം 10 വർഷം സാധുതാകാലയളവ് നിശ്ചയിച്ചിരുന്നു. ജാതി സർട്ടിഫിക്കറ്റിന് 10 വർഷത്തെ കാലാവധി നിശ്ചയിച്ചത് ദുരുപയോഗപ്പെടുത്തുന്നതായി സർക്കാരിന് വിവിധ സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളിൽ ജാതി സർട്ടിഫിക്കറ്റിന്റെ കാലപരിധി 10 വർഷമായി നിശ്ചയിച്ചിട്ടുള്ളത് റദ്ദ് ചെയ്യുന്നതിനും, ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പുണ്ടായിരുന്ന സമ്പ്രദായം (അതായത്, പ്രത്യേക ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതിന്) തുടരുന്നതിനും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റുകൾക്ക് 10 വർഷം കാലപരിധി ഉണ്ടായിരിക്കുന്നതല്ല എന്നും സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനു വേണ്ടി മാത്രം നൽകുന്നതാണ് എന്നും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

3) ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് നിശ്ചയിക്കുന്ന കാര്യം ഒരു പ്രത്യേക കേസായി സർക്കാർ പുനഃപരിശോധിച്ചു. വില്ലേജ് ഓഫീസർമാരും തഹസിൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ പ്രത്യേകാവശ്യത്തിന് മാത്രം എന്ന വ്യവസ്ഥ റദ്ദാക്കി എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും സാധുതാകാലയളവ് ഇനിമേൽ 3 വർഷം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.